# ആമുഖം

പൊതുവിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യ അവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ഉറപ്പാക്കുകയെന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രഥമ ലക്ഷ്യം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഞങ്ങളുടെ വിദ്യാലയത്തിൽ സമഗ്രമായ മാറ്റം അനിവാര്യമാണ്. ഭൗതിക തലത്തിലും അക്കാദമിക തലത്തിലും സാമൂഹിക തലത്തിലും ഈ മാറ്റം സംഭവിക്കേണ്ടതുണ്ട്. ഈ മാറ്റങ്ങൾ എന്തൊക്കെയാവണം നിലവിലെ നമ്മുടെ അവസ്ഥ എന്താണ്, അവ എവിടെ എത്തണം എന്നതിനെപ്പറ്റിയുള്ള നമ്മുടെ കൂട്ടായ കരുതലുകളാണ് ഇവിടെ അവതരിപ്പിക്കുന്നത്. ആധുനികസാങ്കേതിക വിദ്യാസാധ്യതകളെ വിദ്യാർത്ഥികളുടെ പഠനപരിസരവുമായി ഫലപ്രദമായി ബന്ധിപ്പിക്കുന്നതിനും നാളത്തെ പൗരന്മാരായ നമ്മുടെ കുട്ടികളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, ഓരോ കുട്ടിക്കും അന്താരാഷ്ട്ര നിലവാരത്തിനനുസരിച്ച് അക്കാദമിക നിലവാരം ഉയർത്തുന്നതിനും കുട്ടികൾക്ക് പഠനത്തോടുള്ള ആഭിമുഖ്യം വളർ്തതുന്ന രീതിയിൽ ആകർഷകമായ ഭൗതിക സൗകര്യം ഒരുക്കുന്നതിനുമുള്ള പദ്ധതികൾ നമ്മൾ പരിഗണിച്ചിട്ടുണ്ട്. അധ്യാപകരും കുട്ടികളും സമൂഹവും സന്തോഷത്തോടെ സംതൃപ്തരായി വർത്തിക്കുന്ന ഒരു വിദ്യാലയം സ്വപ്നം കണ്ട് കൊണ്ട്.......

# ഉദ്ദേശ്യങ്ങൾ

സൂക്ഷ്മതല ആസൂത്രണത്തിലൂടെയും, നിർവഹണത്തിലൂടെയും വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിന് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിദ്യാഭ്യാസങ്ങൾക്കും ജീവിതവെല്ലുവിളി നേരിടുന്നവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് പ്രാദേശിക സമൂഹത്തിന്റേയും രക്ഷിതാക്കളുടേയും അദ്ധ്യാപകരുടേയും ക്രിയാത്മക പങ്കാളിത്ത പ്രവർത്തനത്തിലൂടെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനും വിദ്യാലയ വികസനം ഉറപ്പാക്കുന്നതിന് കാർഷികസംസ്ക്കാരം വളർത്തിയെടുക്കുന്നതിനും, കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം വളർത്തിയെടുക്കുന്നതിന് പ്ലാസ്റ്റിക് മുക്ത - കീടനാശിനി മുക്ത - ലഹരിമുക്ത ക്ലാമ്പസ്സുകൾ സൃഷ്ടിക്കുന്നതിന് പ്രാദേശിക സമൂഹത്തിന്റെ പൊതു ഇടമായി വിദ്യാലയത്തെ മാറ്റി തീർക്കുന്നതിന്

# വിദ്യാലയ ചരിത്ര സംക്ഷിപ്തം

തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി പഞ്ചായത്തിൽ തൃത്തല്ലൂർ എന്ന ദേശത്ത് 1927ൽ ശ്രീ തച്ചപ്പിള്ളി രാമകൃഷ്ണൻ എന്നവർ ഈ സ്കൂൾ സ്ഥാപിച്ചു. സമൂഹ നന്മ ലക്ഷ്യമിട്ടാണ് ഇത് സ്ഥാപിച്ചത്. പ്രത്യേകിച്ച് പെൺകുട്ടികളെ വിദ്യാഭ്യാസത്തിന് ദൂരേക്ക് പറഞ്ഞയച്ചിരുന്നില്ല. ഈയൊരവസരത്തിൽ പെൺകുട്ടികളുടെ പഠനത്തിന് ഊന്നൽ കൊടുത്ത് കൊണ്ട് സ്ഥാപിച്ചതാണ് ഈ സ്കൂൾ. ശ്രീ വിദ്യാപോഷിണി ഹിന്ദു എലിമെന്ററി ഗേൾസ് സ്കൂൾ എന്നായിരുന്നു അന്നത്തെ പേര്. റോഡിനോട് ചേർന്ന് ചെറിയ ഒരു ഓലഷെഡ്ഡിലാണ് ഈ സ്ഥാപനത്തിന്റെ ആരംഭം പിന്നീട് കുറച്ചുകൂടി പടിഞ്ഞാറു ഭാഗത്തേക്ക് നീക്കി ഓടു മേഞ്ഞു ഈ സമയത്ത് സ്കൂളിന്റെ ചുമതല ശ്രീ വിദ്യാപോഷിണി സംഘം ഏറ്റെടുത്തു ഒന്നുമുതൽ അഞ്ചുവരെ ക്ലാസ്സുകളിലാണ് പഠനം നടന്നിരുന്നത്. ഇത് 1961 മാർച്ച് വരെ തുടർന്നു. അതിനുശേഷം ശ്രീ വിദ്യാപോഷിണി സംഘത്തിൽ നിന്നും ശ്രീ. ചാളിപ്പാട്ട് കുട്ടൻ സ്കൂൾ ഏറ്റെടുത്തു. 1975ൽ അദ്ദേഹത്തിന്റെ മരണശേഷം അനിയന്റെ മരുമകളായ ശ്രീമതി ഉഷാരത്നം മാനേജരായി ഇപ്പോൾ പ്രീപ്രൈമറി മുതൽ 4 വരെ ക്ലാസ്സുകളാണ് ഉള്ളത്. ശ്രീ. വിദ്യാപോഷിണി എൽ.പി.സ്കൂൾ വാടാനപ്പള്ളി എന്ന പേരിലാണ് ഈ സ്കൂൾ അറിയപ്പെടുന്നത്.

തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി പഞ്ചായത്തിൽ 4-ാം വാർഡിൽ തൃത്തല്ലൂർ എന്ന ദേശത്ത് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നു. എൻ.എച്ച് 17ന് കാൽ കിലോമീറ്റർ പടിഞ്ഞാറ് വശത്തായി ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. മേൽക്കൂര ഷീറ്റ് മേഞ്ഞതും അടുക്കള, ടോയ്ലറ്റ്, വിറകുപുര, കുടിവെള്ള സൗകര്യം എന്നിവയുള്ളതുമാണ്. ഈ സ്ഥാപനത്തിന്റെ ക്ലസ്റ്റർ സെന്റർ വാടാനപ്പള്ളി ഫിഷറീസ് യു.പി സ്കൂൾ ആണ് നിലവിൽ ഒന്നു മുതൽ നാലുവരെ ഓരോ ഡിവിഷനുകളും ഒരു പ്രീപ്രൈമറി ക്ലാസ്സുമാണ് ഇവിടെ പ്രവർത്തിച്ചിരുന്നത്. ഈ സ്കൂളിന്റെ ഹെഡ് ടീച്ചർ ശ്രീമതി ലിബി പി.എം. ആണ്. അറബിക് ഉൾപ്പെടെ അഞ്ച് അധ്യാപകർ ഈ സ്കൂളിൽ ജോലി ചെയ്തു വരുന്നു. ഈ അധ്യയനവർഷം ആകെ 116 കുട്ടികളാണ് ഞങ്ങളുടെ സ്കൂളിൽ ഉള്ളത്.

സ്കൂളിന്റെ ഏതൊരു കാര്യത്തിലും അദ്ധ്യാപകരോടൊപ്പം നിൽക്കുന്ന ശക്തമായ ഒരു പിടിഎ കമ്മിറ്റി ഈ സ്കൂളിൽ ഉണ്ട് പൂർവ്വവിദ്യാർത്ഥികൾ അധ്യാപകർ, നാട്ടുകാർ എന്നിവരുടെ സഹായത്തോടെ സ്കൂളിന്റെ ഭൗതികാന്തരീക്ഷത്തിന് ഒരുപാട് മാറ്റങ്ങൾ വരുത്തുവാൻ സാധച്ചിട്ടുണ്ട്. ശ്രീ വിദ്യാപോഷിണി സ്കൂളിലെ പൂർവ്വവിദ്യാർത്ഥികളിൽ പലരും ഉന്നതനിലവാരങ്ങളിൽ എത്തിയിട്ടുണ്ട് എന്നത് അഭിമാനാർഹമായ കാര്യമാണ്.

# വിദ്യാലയം മികവിന്റെ കേന്ദ്രം

ലോകം മുഴുവൻ പ്രചുരപ്രചാരം നേടിയ കേരളവികസനനനുഭവങ്ങളിൽ ഏറ്റവും പ്രമുഖമായത് വിദ്യാഭ്യാസരംഗത്തെ നമ്മുടെ നേട്ടമായിരുന്നു. ആളോഹരി വരുമാനം കുറഞ്ഞ നിരക്കിൽ തുടരുമ്പോഴും ജീവിതഗുണതാ സൂചകങ്ങളിൽ വികസിത രാജ്യങ്ങൾക്കൊപ്പം ഉയർന്നു നിൽക്കാൻ ഈ കൊച്ചു കേരളത്തെ പ്രാപ്തമാക്കിയത് വിദ്യാഭ്യാസരംഗത്ത് നേടിയ മേൽകൈയ്യാണ് എന്നത് കേരളത്തിന്റെ സവിശേഷാനുഭവങ്ങൾ ഗൗരവത്തോടെ കാണുന്ന രാജ്യത്തിനകത്തും പുറത്തുമുള്ള അക്കാദമിക പണ്ഡിതർ വിലയിരുത്തുന്നത് ധനിക ദരിദ്ര സ്ത്രീപുരുഷ ജാതിമത വേർതിരിവില്ലാതെ ഏവർക്കും സ്കൂൾ വിദ്യാഭ്യാസം പ്രാപ്യമാക്കാൻ കേരളീയ സമൂഹത്തിന് കഴിഞ്ഞു. എന്നാൽ ഇന്ന് പൊതു വിദ്യാഭ്യാസം ഒട്ടേറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്നു. ഇന്ന് നിലവിലുള്ള പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള പ്രായോഗിക പ്രവർത്തനങ്ങൾ അനിവാര്യമാണ്. അതിനുള്ള കൂട്ടായ്മകൾ ഉണ്ടാകണം.

ഈ അവസരത്തിലാണ് നവകേരള മിഷന്റെ ഭാഗമായി കേരളസർക്കാർ വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കാൻ ശ്രമിക്കുന്ന "പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജം" കേരളത്തിലെ വിദ്യാഭ്യാസ മേഖലക്ക് പുത്തനുണർവ്വും ദിശാബോധവും നൽകുന്ന ഒന്നാകുന്നത്. മുഴുവൻ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളായി മാറ്റാനായി ദീർഘകാല കാഴ്ചപ്പാടോടുകൂടി നടപ്പിലാക്കുന്ന ഒന്നായ് ഇതിനെ കാണണം. അക്കാദമിക കഴിവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയായിരിക്കണം വിദ്യാലയ വികസന സമിതികൾക്ക് രൂപം നൽകേണ്ടത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ ലക്ഷ്യങ്ങൾ നേടാൻ താഴെപ്പറയുന്ന രീതിയിൽ പ്രവർത്തനങ്ങളെ ക്രോഡീകരിക്കാം.

പ്രീ സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്ക്കരിക്കും. അന്തരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കിക്കൊണ്ട് അനന്യമായ കേരള മാതൃക സൃഷ്ടിക്കും. ക്യാമ്പസ് ഒരു പാഠപുസ്തകമെന്ന കാഴ്ചപ്പാടിൽ ഓരോ ക്യാമ്പസ്സും ജൈവ വൈവിദ്ധ്യ ഉദ്യാനമാക്കി മാറ്റും.

വായനശാല, ലബോറട്ടറി എന്നിവ ആധുനികവത്ക്കരിക്കും.

വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യുവാനുള്ള കഴിവ് വികസിപ്പിക്കും.

കൗൺസലിങ്ങ് സൗകര്യം ലഭ്യമാക്കും.

സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകും സമഗ്ര വിദ്യാഭ്യാസം

പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിഗണന ഉറപ്പാക്കും.

സ്കൂൾതലത്തിൽ കൊഴിഞ്ഞ് ഇല്ലാതാകും.

ഭൗതിക മാനസിക സാംസ്ക്കാരിക സൗകര്യങ്ങൾ - പാഠ്യേതര പ്രവർത്തനങ്ങൾ വിദ്യാഭ്യാസത്തിൽ ജനാധിപത്യ വൽക്കരണം അർത്ഥപൂർണ്ണമാക്കും.

# ശ്രീവിദ്യാപോഷിണി നേതൃനിര

**എസ്.ആർ.ജി**

ആഴ്ചയിലൊരിക്കൽ എസ്.ആർ.ജി യോഗം ചേരുന്നു. യോഗത്തിന്റെ അധ്യക്ഷൻ പ്രധാനാധ്യാപികയാണ്. എസ്.ആർ.ജി. കൺവീനർ യോഗത്തിന് സ്വാഗതം പറയുന്നു. ഒപ്പം പാഠ്യേതര പ്രവർത്തനങ്ങളുടെ അവലോകനവും പൊതുസെക്ഷനിൽ ഹാർഡ്സ്പോടുകൾ ചർച്ച ചെയ്യുന്നു. അവ ഉയർന്ന തലത്തിൽ ചെയ്ത് ചർച്ച ചെയ്യുന്നു. അവ ഉയർന്ന തലത്തിൽ ചെയ്ത് വേദിയൊരുക്കുവാൻ എസ്.എസ്.ജി. കൺവീനറെ ചുമതലപ്പെടുത്തുന്നു. അവ അധ്യാപകർ ക്ലസ്റ്റർ യോഗത്തിലും ചർച്ചയ്ക്ക് വെയ്ക്കുന്നു.

**പി.ടി.എ., എം.പി.ടി.എ**

പി.ടി.എ. പ്രസിഡന്റിന്റെ അധ്യക്ഷതയിൽ യോഗങ്ങൾ കാര്യക്ഷമമായി നടക്കാറുണ്ട്. പി.ടി.എ., എം.പി.ടി.എ യോഗങ്ങൾ സംയുക്തമായിട്ടാണ് നടന്നുവരുന്നത്. യോഗത്തിൽ ശരാശരി പങ്കാളിത്തം 75% ആണ്. ഒരു വർഷത്തെ റിപ്പോർട്ട് അവലോകനവും പുതിയ പ്രവർത്തനങ്ങളും യോഗത്തിൽ ചർച്ച ചെയ്യുന്നു. ജനറൽ ബോഡിയോഗത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു. 13 അംഗ പി.ടി.എ എക്സിക്യൂട്ടീവ് ആണ് നിലവിലുള്ളത്.

**എസ്.എം.ജി**

ഒരു അധ്യയന വർഷത്തിന്റെ മുന്നോടിയായി മെയ്മാസത്തിൽ എസ്.എം.ജി. യോഗം ചേരുകയും സ്കൂളിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്യുന്നു.

**സ്കൂൾ വികസനസമിതി**

സ്കൂൾ വികസനസമിതി 2012-13ൽ രൂപീകൃതമായി. ഏതാനും പൂർവ്വ വിദ്യാർത്ഥികളും സാമൂഹിക സാംസ്കാരിക പ്രവർത്തകരും അധ്യാപകരും ചേർന്ന് സഹകരിച്ച് വികസനസമിതി സജീവമായിസ്കൂൾ വികസന പ്രവർത്തനങ്ങളിൽ ശ്രദ്ധ പതിച്ചുവരുന്നു.

**ജാഗ്രതാസമിതി**

സ്കൂളിന്റെ ഭൗതികവും അക്കാദമികവും ആയ പ്രവർത്തനങ്ങളിൽ സംരക്ഷണം ലഭിക്കുന്നതിനുതകുന്ന ജാഗ്രതാസമിതി നിലനിൽക്കുന്നു.

**പൂർവ്വ വിദ്യാർത്ഥി സംഘടന**

പൂർവ്വ വിദ്യാർത്ഥി സംഘടന 2014 മുതൽ സജീവമായി പ്രവർത്തിച്ചുവരുന്നു. 2015-16 അധ്യയന വർഷത്തിൽ പൂർവ്വവിദ്യർത്ഥി സംഗമംനടന്നു. സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ കാര്യങ്ങളിൽ സജീവ സാന്നിധ്യമായി തുടരുന്നു.

**പൂർവ്വ അധ്യാപക സംഘടന**

2015-16 അധ്യയനവർഷത്തിൽ പൂർവ്വ അധ്യാപകസംഘടന രൂപീകരിച്ചു. എന്റോവ്മെന്റ് , സാമ്പത്തിക സഹായം, സ്കോളർഷിപ്പുകൾ, പഠനോപകരണങ്ങൾ എന്നിവ വിദ്യാർത്ഥികൾക്ക് നൽകിവരുന്നു.

## വിദ്യാലയ വികസനസമിതി

മുഖ്യരക്ഷാധികാരികൾ : ഭാസ്കരൻ എം.പി

രക്ഷാധികാരികൾ : വിമല ശശിധരൻ

ചെയർമാൻ : ഉണ്ണികൃഷ്ണൻ പി.ഡി

വൈസ് ചെയർമാൻ : കനകലത ധർമ്മദാസ്

കൺവീനർ : സബിത്ത്

ജോയിന്റ് കൺവീനർ : നൗഷാദ്

## ക്ലബ്ബ് പ്രവർത്തനങ്ങൾ

സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായ വിദ്യാർത്ഥികളുടെ ബഹുമുഖ പ്രതിഭകളെ വാർത്തെടുക്കുക, പാഠ്യപാഠ്യേതര വിഷയങ്ങളിൽ തൽപ്പരരാക്കുക പ്രത്യേക വിഷയങ്ങളിൽ ആഴത്തിലുള്ള അറിവ് കൂടുതൽ ബലപ്പെടുത്തുക തുടങ്ങിയവ ലക്ഷ്യമിട്ടുകൊണ്ട് സ്കൂളിൽ വിവിധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.ക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അധ്യാപകർക്ക് ചുമതലകൾ വിഭജിച്ചു നൽകിയിട്ടുണ്ട്. പൊതുവെ ക്ലബ്ബ് പ്രവർത്തനങ്ങൾ കുട്ടികളിൽ നേതൃത്വഗുണം വാർത്തെടുക്കുന്നതിനും ഒരു കൂട്ടായ്മ രൂപപ്പെടുത്തുന്നതിനും സഹായകമാണ്.

## വിവിധ ക്ലബ്ബുകളും നേതൃത്വം വഹിക്കുന്ന അധ്യാപകരും

| വിവിധ ക്ലബ്ബുകൾ | നേതൃത്വം വഹിക്കുന്ന അധ്യാപകർ |
|---|---|
| 1. ആരോഗ്യസമിതി | സുജിത |
| 2. ഗണിത ക്ലബ്ബ് | ലിബി |
| 3. പരിസ്ഥിതി ക്ലബ്ബ് | ജസീന |
| 4. കാർഷിക ക്ലബ്ബ് | ജസീന |
| 5. വിദ്യാലയ സംരക്ഷണ സമിതി | ഷൈനിരാജ് |

## സ്റ്റാഫ് ലിസ്റ്റ്

1. ലിബി പി.എം.(ഒങ)
2. ഷൈനിരാജ് മഞ്ഞിപ്പറമ്പിൽ
3. ഷീജ വി.കെ.
4. സുജിത കെ.എസ്.
5. ജസീന എന്.വി.
6. ബിബി എൻ.എം.
7. സോണി കെ.ജി

# നിലവിലെ അക്കാദമിക പ്രശ്നങ്ങൾ

- അംഗൻവാടി, പ്രീപ്രൈമറി മുതൽ 4-ാംതരം വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും പാഠ്യപദ്ധതി ലക്ഷ്യം വെക്കുന്ന നിർദ്ദിഷ്ഠശേഷികൾ നേടാൻ കഴിയുന്നില്ല.
- 1-ാംതരം മുതൽ 4-ാംതരം വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും വിവിധ ഭാഷാ വിഷയങ്ങളിൽ വൈവിധ്യപൂർണ്ണമായ വ്യവഹാര രൂപങ്ങളിലുടെ ആശയവിനിമയം സാധ്യമാകുന്നില്ല.
- 1-ാംതരം മുതൽ 4-ാംതരം വരെ വിവിധ ഭാഷാവിഷയങ്ങളിൽഅനുയോജ്യമായ പഠനാന്തരീക്ഷം ഒരുക്കാൻ കഴിയുന്നില്ല.
- ഇംഗ്ലീഷ് ഭാഷയിൽ സമൂഹത്തിന്റെ പ്രതീക്ഷക്കനുസൃതമായ പ്രകടനം കാഴ്ച വെക്കാൻ സ്ക്കൂളുകൾക്ക് കഴിയുന്നില്ല.
- ശാസ്ത്രം, ഗണിതം, സാമൂഹ്യ ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അടിസ്ഥാന ആശയങ്ങളിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്തത് തുടർന്നുവരുന്ന ക്ലാസ്സുകളിലേയും വിവിധ വിഷയങ്ങളിലേയും പഠന നിലവാരത്തെ ബാധിക്കുന്നു.
- നിത്യജീവിതത്തിൽ ശാസ്ത്രം, ഗണിതം, സാമൂഹ്യ ശാസ്ത്രം തുടങ്ങിയ വിഷയ ങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രശ്ന വിശകലനം നടത്താനോ പരിഹരിക്കാനോ കഴിയുന്നില്ല.
- എല്ലാ കുട്ടികളേയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ഒരുക്കാൻ സ്ക്കൂളുകൾക്ക് കഴിയുന്നില്ല.
- കലാ-കായിക പ്രവർത്തി പരിചയ വിഷയങ്ങളിൽ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാനും വേണ്ടത്ര അനുഭവങ്ങൾ നൽകാനും സ്ക്കൂളുകൾക്ക് കഴിയുന്നില്ല.
- എല്ലാ കുട്ടികളുടേയും ജന്മസിദ്ധമായ കഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പി ക്കാനും കഴിയുന്നില്ല.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമായ കായികക്ഷമത പ്രവർത്ത നങ്ങൾ സ്ക്കൂളുകളിൽ കാര്യക്ഷമമല്ല.
- ചിത്രരചന
- കഥപറയൽ
- അഭിനയം
- ആലാപനം
- നിർമ്മാണം
- ക്രാഫ്റ്റ്
- ശാസ്ത്രപരീക്ഷണം
- കായിക പരിശീലനം
- കരാട്ടെ
- കൃഷി
- പൂന്തോട്ടപരിപാലനം
- പരിസ്ഥിതി പ്രവർത്തനം
- കൗൺസലിംഗ്
- യോഗ പരിശീലനം

**മേഖല: അക്കാദമികം** **ഉപമേഖല: ശാസ്ത്രപഠനം**

പ്രശ്നം : ഒന്നുമുതൽ നാല് വരെ ക്ലാസ്സുകളിലെ പരിസരപഠനം പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും, പഠന നേട്ടമുറപ്പി ക്കുന്നതിനും എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കാനും കഴിയുന്നില്ല.

ലക്ഷ്യം : ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും, പഠന നേട്ടമുറപ്പിക്കുന്നതിനും എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കൽ.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| 1. ഒന്നു മുതൽ നാല് വരെ പഠനത്തിന് സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയിലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ (S.R.G യോഗം, ചർച്ച വിഷയ സമിതി രൂപീകരണം) | ഒക്ടോബർ ആദ്യവാരം | ക്ലാസ്സ് ടീച്ചർ | |
| 2. തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ,ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരം തിരിക്കൽ<br>ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവയും ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ | ഒക്ടോബർ 20ന് മുമ്പ് | ക്രോഡീകരണ ചുമതല<br>അദ്ധ്യാപകൻ SRG | ഡി ടി പി 20/ രൂപ |
| 3. സാമഗ്രികൾ വാങ്ങൽ | ഒക്ടോബർ | എച്ച്/എം SRG കൺവീനർ | SSA ഗ്രാന്റ് 3000/രൂപ |
| 4. പിടിഎ യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച സംബന്ധിച്ച അവതരണം സാമഗ്രികളുടെ ശേഖരം. | ഒക്ടോബർ 20ന് മുമ്പ് | PTA, HM<br>SRG, HM | |
| 5. പരീക്ഷണ സാമഗ്രികളുടെ ശില്പശാല.<br>സ്കൂൾ പഠനോപകരണ നിർമ്മാണ ശില്പശാലയുടെ ഭാഗമായിരക്ഷകർത്താക്കൾ/എസ്.എസ്.ജി/അധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കൽ. | ഡിസംബർ ആദ്യവാരം | PTA, HM<br>ചുമതലപ്പെടുത്തുന്ന അദ്ധ്യാപകർ | സ്പോൺസർ ഷിപ്പ് 3000/രൂപ |
| 6. ശാസ്ത്രമൂല ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം അലുമിനിയും ഫേബ്രിക്കേഷൻ ഉപയോഗിച്ച് അലമാര | ഡിസംബർ ആദ്യവാരം | PTA, HM | OSA, OTA 8000/- |
| 7. സ്കൂൾ ലാബ് സജ്ജമാക്കൽ, ക്ലാസ്സ് മുറിയിൽ സൂക്ഷി ക്കുവാൻ കഴിയാത്ത സാമഗ്രികൾ ഏത് ക്ലാസ്സിന് ഉപയോ ഗിക്കുന്നവ എന്നിങ്ങനെ ലിസ്റ്റ് തയ്യാറാക്കൽ | ഡിസംബർ | SRG,<br>ശാസ്ത്ര താല്പര്യ മുള്ള അദ്ധ്യാപകർ | 2000/രൂപ<br>PTA |

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| 8. ഇംഗ്ലീഷ് ഭാഷക്കായി ആഴ്ചയിൽ കുട്ടികളുടെ ഒരു ദിനം (അസംബ്ലിയിൽ തുടങ്ങുന്നു. അധ്യാപകരും കുട്ടികളും അന്നേദിവസം ഇംഗ്ലീഷിൽ സംസാരിക്കുന്നു. കുട്ടികളുടെ മികവ് അവതരണം) Subject – Council | എല്ലാ ആഴ്ചയും (ബുധൻ) Once in week (Thursday) | | |
| 9. സിപിടിഎ കലിൽ കുട്ടികലുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നു. | എല്ലാ മാസങ്ങളിലും | ക്ലാസ്സ് ടീച്ചർ രക്ഷിതാക്കൾ | |
| 10. ക്ലബ്ബ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ (give chance tohear english, daily reading games etc.) | ആഴ്ചയിൽ ഒരു ദിവസം (ചൊവ്വ) | | |
| 11. കോർണർ പിടിഎയിൽ ഇംഗ്ലീഷ് ക്ലാസ്സ് അവതരണംകുട്ടികളുടെ അവതരണം അധ്യാപക ശാക്തീകരണ ക്ലാസ് (language orientation class) | ജനുവരി | | |
| 12. English fest– (Drama fest, choreography, talks etc.) | ഫെബ്രുവരി | | |

| മേഖല : സാമൂഹിക പങ്കാളിത്തം | | | ഉപമേഖല : കോർണർ പിടിഎ | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| പൊതുവിദ്യാലയങ്ങളിലേക്ക് പൊതുജനങ്ങളെ ആകർഷിക്കുക<br><br>അധ്യാപകർ സാമൂഹിക പ്രതിബദ്ധത വളർത്തുക<br><br>പൊതുവിദ്യാലയങ്ങളിലെ മികവുകൾ ജനങ്ങളിൽ എത്തിക്കുക<br><br>വിദ്യാലയങ്ങളുടെ ഗുണനിലവാരം | ☐ എസ് ആർജിയിൽ ചർച്ച ചെയ്യുന്നു. വിദ്യാർത്ഥികൾ വരുന്ന പ്രദേശങ്ങൾ വിവിധ മേഖലകളാക്കിയിരിക്കുന്നു.<br><br>☐ ഓരോ മേഖലയും ഓരോ കോർണർ പിടിഎകളുടെ ചുമതലയിൽ ഉൾപ്പെടുന്നു.<br><br>☐ ബന്ധപ്പെട്ട മേഖലയിലെ കോർണർ പിടിഎകളും പ്രദേശവാസികൾ അടങ്ങുന്ന രക്ഷിതാക്കളുടെ കമ്മിറ്റികളുടെ കീഴിൽ കൊണ്ടുവരുന്നു.<br><br>☐ ഓരോ ടേമിലും ഓരോ കോർണർ പിടിഎ വീതം ചേരുന്നു.<br><br>☐ രക്ഷിതാകൾക്ക് പങ്കെടുക്കാൻ കഴിയുന്ന രീതി കോർണർ പിടിഎയിൽ വൈകുന്നേരങ്ങളിൽ നടത്തുന്നു.<br><br>☐ യോഗത്തിൽ വിദ്യാർത്ഥികളുടെ മികവ് പ്രദർശനം രക്ഷിതാക്കളുടെ അഭിപ്രായ പ്രകടനങ്ങൾ | ടേമിൽ ഒന്നു വീതം നിരന്തരം<br><br>ജൂലായ് മുതൽ ഫെബ്രുവരി വരെ<br><br>ജൂൺ മുതൽ മാർച്ച് വരെ | പിടിഎ വികസന കമ്മിറ്റി, കൺവീനർ സ്റ്റാഫ് സെക്രട്ടറി, മാതൃസംഘം, കോർണർ പിടിഎ കമ്മിറ്റി | 2500 ഓരോ യോഗത്തിനും |

| മേഖല : അക്കാദമികം | A ഉപമേഖല : വായനാപരിപോഷണ പരിപാടി 2024-25 | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | | |
| കുട്ടികളുടെ വായന (മാതൃഭാഷ) നിലവാരം ഉയർത്തൽ | • എസ് ആ ർജി യോഗത്തിൽ വായനാ നിലവാരം ഉയർത്തലിനെ സംബന്ധിച്ച അവതരണം (ചർച്ച) വിഷയസമിതി രൂപീകരണം | മെയ് ആദ്യവാരം | | |
| | • ക്ലാസ്സ് ലൈബ്രറികൾക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങൽ, സ്കൂൾ ലൈബ്രറിയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ വാങ്ങൽ | ജൂൺ ആദ്യവാരം | | |
| | • ബാലസാഹിത്യ മാസികകൾ, തളിര് യുറീക്ക, കളിക്കുടുക്ക, ബാലരമ, ഡൈജസ്റ്റ്, എന്നിവ വായനാമൂലയിൽ സ്പോൺസർഷിപ്പിലൂടെ എത്തിക്കൽ | ജൂൺ 19 | | |
| | • വായനാ കാർഡുകൾ തയ്യാറാക്കൽ ക്ലാസ് 1,2 രക്ഷിതാവിന്റ സഹാ ത്തോടെ ഭിന്നശേഷിക്കാർക്ക് | | | |
| | • വായനാ പക്ഷാചരണത്തോടനുബന്ധിച്ച് തൊട്ടടുത്ത സി കൃഷ്ണ വിലാസം ലൈബ്രറി സന്ദർശനം | ജൂൺ | | |
| | • സാഹിത്യസമാജം ബാലസഭകൾ എന്നിവ ശക്തിപ്പെടുത്തൽ | ജൂലായ് | | |
| | • വായിച്ച കഥകൾ കവിതകൾ എന്നിവയെ അടിസ്ഥാനമാക്കി നാടകം മൈക്കിംഗ് തുടങ്ങിയവയുടെ അവതരണം | മെയ് ആദ്യവാരം | | |
| | • സർഗ ചുമർ സ്കൂളിന്റെ ഓഫീസിന്റെ മുൻവശത്തായി ചുമരിൽ കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നതിന് ഇൻലന്റ് മാഗസിൻ സ്ഥിരസംവിധാനം കുട്ടികളുടെ സൃഷ്ടികളായ കഥ, കവിത ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിന് | ജൂൺ മുതൽ | | |

| മേഖല : അക്കാദമികം | | | ഉപമേഖല : മലയാളം | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | | |
| | • വായനാക്കൂട്ടം രൂപീകരിയ്ക്കൽ വായിച്ച പുസ്തകങ്ങളെ ക്കുറിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | ജൂലായ് മുതൽ | | |
| | • എഴുത്തുപെട്ടി സ്ഥാപിക്കൽ | | | |
| | • ആസ്വാദനക്കുറിപ്പ് പുസ്തകമാക്കുന്നു | | | |
| | • എൽ പി തലത്തിൽ വായിച്ച പുസ്തകത്തിന്റേയും കുട്ടികളുടേയും പേര് ചാർട്ടിൽ പ്രദർശിപ്പിക്കൽ | ജൂലായ് | | |
| | • സ്കൂൾ അസംബ്ലിയിൽ പുസ്തക പരിചയം നടത്തൽ | | | |
| | • സാഹിത്യകാരന്മാരുടെ ജന്മദിനത്തിൽ അവരെക്കുറിച്ചുള്ള ലഘുവിവരണങ്ങൾ അവതരണം. | ജൂൺ 19 | | |

| മേഖല : അക്കാദമികം | A ഉപമേഖല : വായനാ പരിപോഷണ പരിപാടി 2024 -25 | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഭാഷാശൈലികളും ഭാഷാപ്രയോഗങ്ങളും സ്വായത്തമാക്കാൻ അനുയോജ്യ സന്ദർഭങ്ങൾ ഒരുക്കൽ | ☐ കാവ്യകേളികളിൽ ഏർപ്പെടൽ<br>☐ ലബ്ധമായ എഴുത്തുകാരുമായി അഭിമുഖം<br>☐ അവരുടെ സൃഷ്ടികൾ പരിചയപ്പെടുത്തൽ | ഡിസംബർ മുതൽ ഫെബ്രുവരി | | |
| ആസ്വാദനശേഷിയുടെ വികാസം | ☐ ബാലസാഹിത്യ കൃതികൾ അധ്യാപകർ വായിച്ചുകൊടുക്കൽ<br>☐ കഥാപൂരണം<br>☐ ബാലസാഹിത്യ കൃതികളുടെ ലിസ്റ്റ് തയ്യാറാക്കൽ | ഡിസംബർ മുതൽ ഫെബ്രുവരി | | |
| പ്രാദേശിക വിഭവങ്ങളെ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഉപയോഗിക്കൽ | ☐ സാഹിത്യകാരന്മാരെ സ്കൂളിലെത്തിക്കൽ, അവരുടെ അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ<br>☐ കുട്ടികൾക്ക് അവരുമായി സംസാരിക്കുന്നതിന് അവസരം | ജൂൺ മുതൽ ഫെബ്രുവരി | | |

| മേഖല : അക്കാദമികം | | | ഉപമേഖല : ജൈവ വൈവിധ്യ ഉദ്യാനം | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| | ☐ പ്രകൃതിയെ അറിയുക എന്ന് ലക്ഷ്യം കൈവരിക്കുന്നതിന് പ്രശ്നോത്തരി മത്സരങ്ങൾ നടത്തുന്നു. | ജനുവരി ആദ്യവാരം | | |
| | ☐ ദശപുഷ്പങ്ങൾ, നാല്പാമരം വെച്ചുപിടിപ്പിക്കുന്നു. | | | |
| | ☐ നാട്ടറിവുകൾ ശേഖരിക്കുന്നു | | | |
| | ☐ കാവ് സന്ദർശനം, ഫീൽഡ് ട്രിപ്പ് | ജനുവരി രണ്ടാംവാരം | | |
| | ☐ പ്രധാന വൃക്ഷങ്ങൾക്ക് ചുറ്റും തറ, സിമന്റ് ബഞ്ച് നിർമ്മിക്കൽ (ആൽ, അത്തി, അശോകം, ഇലഞ്ഞി) | ജനുവരി മുതൽ ഫെബ്രുവരി വരെ | | |
| പ്രകൃതിയാണ് ഏറ്റവും വലിയ പാഠപുസ്തകം എന്ന ധാരണ നേടുക | ☐ SRG യിൽ ചർച്ച | മെയ് ആദ്യവാരം | | |
| | ☐ വിഷയസമിതിരൂപീകരണം | | | |
| | ☐ നിലവിലെ ജൈവവൈവിധ്യത്തിന്റെ അവസ്ഥ ലിസ്റ്റ് ചെയ്യുന്നു. | മെയ് ഫെബ്രുവരി | | |
| പ്രകൃതി പഠനം<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക | ☐ ജൈവവൈവിധ്യഉദ്യാനവുമായി ബന്ധപ്പെടുത്തി വിവിധ വിഷയങ്ങളിലും ക്ലാസ്സുകളിലും നൽകാവുന്ന പഠനപ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുക | ജൂൺ അവസാന വാരം | | |
| | ☐ Tനൽ രേഖപ്പെടുത്തുക | | | |
| | ☐ ജൈവവൈവിധ്യഉദ്യാന നിർമ്മിതി സസ്യവൈവിധ്യം പരിഗണിച്ച് പ്രാദേശികമായി ലഭ്യമാക്കുന്ന സസ്യങ്ങൾ നടൽ | ജൂൺ5 മുതൽ സെപ്തംബർ 3 വരെ | | |
| | ☐ ഔഷധതോട്ട നിർമ്മാണം | | | |
| | ☐ ശലഭോദ്യാന നിർമ്മാണം | | | |
| | ☐ ജൈവവേലി നിർമ്മാണം | | | |
| | ☐ കൃഷിത്തോട്ടം | | | |
| | ☐ അടുക്കളത്തോട്ട നിർമ്മാണം | ഒക്ടോബർ 1 ഡിസംബർ വരെ | | |
| | ☐ നാമഫലകങ്ങൾ ചാർത്തുന്നു | | | |
| | ☐ നാമങ്ങൾ, ശ്സ്ത്രനാമങ്ങൾ, ഔഷധഗുണം എന്നിവ രേഖപ്പെടുത്തണം | | | |
| | ☐ ജൈവ ഡയറക്ടറി തയ്യാറാക്കുന്നു | | | |

മേഖല : അക്കാദമികം ഉപമേഖല : നിരന്തരം വിലയിരുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രാദ്യേതര വിഷയങ്ങളിലുള്ള കഴിവ് കണ്ടെത്തൽ<br><br>കായികക്ഷമത വിലയിരുത്തൽ | ☐ വാചികമായ വിലയിരുത്തൽ ചോദ്യങ്ങളിലൂടെ അറിവിനെ വിലയിരുത്തുന്നു.<br><br>☐ ഓപ്പൺ ബുക്ക്: ബുക്ക് വായിച്ച് അതിൽ നിന്നും ഉത്തരം കണ്ടെത്തുന്നു. കണ്ടെത്തുന്നതിനുള്ള കഴിവ് വിലയിരുത്തുന്നു.<br><br>☐ കലാപഠനം: കലാപരമായ കഴിവിനെ കണ്ടെത്തി പരിപോഷിപ്പിക്കുന്നു<br><br>☐ പ്രവൃത്തി പഠനം. സർഗ്ഗാത്മക പാദ്യേതര വിഷയങ്ങളിലുള്ള കഴിവിനെ വിലയിരുത്തുന്നു | ജൂലായ് മുതൽ ഫെബ്രുവരി വരെ<br><br>ജൂൺ മുതൽ മാർച്ച് വരെ | | |

| മേഖല : അക്കാദമികം | Step 2017 Students Transformation Education | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| മനസ്സിലാക്കിയത് പ്രാവർത്തികമാക്കൽ<br><br>ആർജജിച്ച അറിവ് പ്രകടമാക്കുന്നു<br><br>കുട്ടിയെ വിലയിരുത്തുവാൻ<br><br>കുട്ടിയുടെ ക്രിയാത്മക കഴിവിനെ വിലയിരുത്തുന്നതിന് | ☐ ശേഷികൾ ആർജജിക്കൽ (ഭാഷാശേഷി, രചനാവൈഭവം, കഥ, കവിത, ചിത്രരചന<br><br>☐ പ്കടനം, അവതരണം (ഭാഷാശേഷി, രചനാ വൈഭവം മുതലായവ)<br><br>☐ രേഖപ്പെടുത്തൽ (ഗ്രേഡ് തീരുമാനിക്കുന്നു. മാർക്ക്ലിസ്റ്റ് തയ്യാറാക്കുന്നു)<br><br>☐ പോർട്ട് ഫോളിയോ വിലയിരുത്തൽ (നോട്ട്ബുക്ക്, മറ്റു രചനകൾ, പഠന തെളിവുകൾ സർഗ്ഗാത്മക സൃഷ്ടികൾ, വർക്ക് ഷീറ്റുകൾ)<br><br>☐ നോട്ട്ബുക്ക് കുട്ടി ഗ്രഹിച്ചത് നോട്ട്ബുക്കിൽ കുറിച്ചിടുന്നു. വിലയിരുത്തുന്നു.<br><br>എസ്.ആർ.ജി യോഗം പദ്ധതി അവതരണം ആസൂത്രണം അവലോകനം)<br><br>2. കുട്ടികളുടെ പഠന നിലവാരം കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും കുറവുകളും കണ്ടെത്തുന്നു<br><br>3. പരിമിതികൾ പരിഹരിക്കുന്നതിന് വേണ്ടതായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ<br><br>4. അധ്യാപക ശാക്തീകരണം (Language orientation classes) ക്ലാസിൽ ഇംഗ്ലീഷ് അന്തരീക്ഷം ഒരുക്കൽ (ചാർട്ട്, ചിത്രങ്ങൾ, വായനാകാർഡ്, പത്രം, പേപ്പർ കട്ടിംഗ്സ്, കുട്ടികളുടെ ഉത്പന്നങ്ങൾ, ഇംഗ്ലീഷ് കോർണർ, മാഗസിനുകൾ, മാജിക് പോട്ട് മുതലായവ | ആഴ്ചയിലൊരിക്കൽ<br><br>ആഴ്ചയിലൊരിക്കൽ<br><br>മെയ് അവസാന വാരം<br><br>ജൂൺ 10 മുതൽ ജൂൺ 30 വരെ<br><br>ജൂലായ്<br><br>ജൂലായ് | | |

മേഖല : അക്കാദമികം | പ്രതിഭ പരിപോഷണ പരിപാടി Talent Lab

| വിഷയം | നം. | മേഖല/ പദ്ധതി | കുട്ടികളുടെ എണ്ണം | ചെയർമാൻ/ കൺവീനർ | ചുമതല | നടപ്പാക്കുന്ന കാലഘട്ടം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|---|---|---|---|---|
| ഭാഷ | 1 | വിദ്യാലയത്തിലെ കവിതകൾ (മലയാളം) | 10 | | | 2018 ആഗസ്റ്റ് 10 2019 ഫെബ്രുവരി മാസങ്ങളിലെ എല്ലാ ഒന്നാം ശനിയാഴ്ചകളിലും | |
| | 2 | ഞാൻ പ്രാസംഗികൻ (മലയാളം) | 3 | | | 2018 ആഗസ്റ്റ് മുതൽ 2019 ഫെബ്രുവരി മാസങ്ങളിലെ തിങ്കളാഴ്ചകളിൽ 4 മുതൽ 4.30 വരെ | |
| | 3 | ആലാപനം | 33 | | | 2018 ഓണാവധി ദിവസങ്ങളിൽ | |
| | 4 | കഥപറയൽ | 18 | | | 2018 ആഗസ്റ്റ് മുതൽ 2019 ഫെബ്രുവരി മാസങ്ങളിൽ തിങ്കളാഴ്ചകളിൽ 1.30 മുതൽ 2.വരെ | |
| ഗണിതപരം | 5 | ഗണിതം പസിൽ | 7 | | | മാസത്തിൽ ആദ്യത്തെ ചൊവ്വാഴ്ച 1.30 മുതൽ 2 വരെ | |
| | 6 | അബാക്കസ് പരിശീലനം | 4 | | | മാസത്തിൽ എല്ലാ ശനിയാഴ്ചകളിലും 1 മണിക്ക് | |
| കലാപരം | 7 | അഭിനയം | 22 | | | 2018 ഏപ്രിൽ മുതൽ 2018 മെയ് വരെ 15 മണിക്കൂർ | |
| | 8 | സംഗീതം | 11 | | | 2018 ജൂലായ് മുതൽ 2019 മാർച്ച് വരെ എല്ലാ ശനിയാഴ്ചകളിലും 2 മുതൽ 4 വരെ | |
| | 9 | ചിത്രരചന | 55 | | | 2018 ജൂലായ് മുതൽ 2019 മാർച്ച് വരെ ആഴ്ചയിൽ 1മണിക്കൂർ | |
| കലാപരം | 10 | ഉപകരണ സംഗീതം | 3 | | | 2018 ഡിസംബർ 26 മുതൽ ഡിസംബർ 28 വരെ | |

| മേഖല : അക്കാദമികം | | | | | | പ്രതിഭ പരിപോഷണ പരിപാടി Talent Lab | |
|---|---|---|---|---|---|---|---|
| വിഷയം | നം. | മേഖല/ പദ്ധതി | കുട്ടികളുടെ എണ്ണം | ചെയർമാൻ/ കൺവീനർ | ചുമതല | നടപ്പാക്കുന്ന കാലഘട്ടം | പ്രതീക്ഷിക്കുന്ന ചെലവ് |
| ശാസ്ത്രം | 11 | ശാസ്ത്രോപകരണ നിർമ്മാണ ശിൽപശാല | 5 | | | 2018 ഡിസംബർ 29 മുതൽ ഡിസംബർ 31 വരെ | |
| | 12 | ശാസ്ത്രപരീക്ഷണം | 5 | | | 2018 ഏപ്രിൽ മുതൽ മെയ് അവസാനം വാരം | |
| പ്രവർത്തി പരിചയം | 13 | ഹാന്റി ക്രാഫ്റ്റ് | 15 | | | 2018 ഏപ്രിൽ മുതൽ മെയ് അവസാനം വാരം | |
| | 14 | ക്ലേ മോഡലിംഗ് | 14 | | | 2013 ഏപ്രിൽ മുതൽ മെയ് അവസാനം വാരം 15 മണിക്കൂർ | |
| | 15 | കാർഷിക പാഠം 2018 ജൂൺ | 76 | | | 2019 ഏപ്രിൽ മുതൽ എല്ലാ ശനിയാഴ്ചകളിലും 9.30 മുതൽ 10.30 വരെ | |
| കായികം | 16 | കായിക പരിശീലനം | 65 | | | 2019 ഏപ്രിൽ മുതൽ എല്ലാ ശനിയാഴ്ചകളിലും1 മണിക്കൂർ വീതം 6.30 വരെ 10.30 വരെ | |
| | 17 | കരാട്ടെ | 15 | | | | |
| | 18 | | | | | | |
| | 19 | കൗൺസലിംഗ് | | | | 2024 ഏപ്രിൽ മുതൽ എല്ലാ ശനിയാഴ്ചകളിലും | |

# പരിഹാരപ്രവർത്തനവും പ്രവർത്തന പദ്ധതി വിശകലനവും

## പ്രീ ടെസ്റ്റും പരിഹാരപ്രവർത്തന പാക്കേജ് തയ്യാറാക്കലും

ഗണിതപഠനത്തിൽ ഓരോ കുട്ടിയുടേയും നില കണ്ടെത്തുന്നതിനായി ഒന്നാം തരം മുതൽ 4-ാം തരം വരെയുള്ള അടിസ്ഥാനഗണിതശേഷികളുടെ പ്രയോഗം ആവശ്യമുള്ള പ്രവർത്തനങ്ങൾ പ്രീ ടെസ്റ്റിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഒരേ തരത്തിലുള്ള എല്ലാവർക്കും ഒരേ പ്രവർത്തനങ്ങൾ നൽകി കൃത്യമായ വിലയിരുത്തൽ സൂചകങ്ങൾക്കനുസരിച്ച് യഥാർത്ഥ പഠന പ്രശ്നങ്ങൾ കണ്ടെത്തി പ്രശ്നപരിഹരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. പ്രീ ടെസ്റ്റിന്റെ അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ടുകൾ വിഷമസമിതിയിൽ ഉള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തണം.

## പ്രവർത്തനപദ്ധതി

**പ്രശ്നം :** അതാതു ക്ലാസ്സുകളിൽ ആർജ്ജിക്കേണ്ട നിർദ്ധിഷ്ട ഗണിതശേഷികൾ എല്ലാവരും നേടിയിട്ടില്ല. അടിസ്ഥാന ആശയങ്ങളിലെ ധാരണകുറവ്

**ലക്ഷ്യം :** എല്ലാ കുട്ടികളുടേയും ഗണിതപഠനത്തിന്റെ നിലവിലെ അവസരം കണ്ടെത്തുക. അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പാക്കുന്നതിനുള്ള പരിഹാര പ്രവർത്തനപാക്കേജ് തയ്യാറാക്കൽ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| വിഷയസമിതി രൂപീകരണം | വിദ്യാലയവികസന സമിതി | മെയ് | | |
| ആശയ രൂപീകരണം | വിഷയസമിതി | മെയ് | | |
| പ്രീ ടെസ്റ്റ് ടൂൾ നിർമ്മാണം | ക്ലാസ്സ് ടീച്ചർ | ജൂൺ ആദ്യവാരം | | |
| പ്രീ ടെസ്റ്റ് നടപ്പിലാക്കൽ | ക്ലാസ്സ് ടീച്ചർ | ജൂൺ ആദ്യവാരം | | |
| മൂല്യനിർണ്ണയവും വിശകലനവും | വിഷയസമിതി | ജൂൺ | | |
| റിപ്പോർട്ട് തയ്യാറാക്കലും അവതരണവും | എസ് ആർ ജി | ജൂൺ രണ്ടാം വാരം | | |
| പരിഹാര പ്രവർത്തന പാക്കേജ് | പി ടി എ | ജൂൺ | | |
| ആശയ രൂപീകരണം | വിഷയസമിതി | ആഗസ്റ്റ് | | |
| പരിഹാര പ്രവർത്തന ഷെഡ്യൂൾ തയ്യാറാക്കലും അച്ചടിയും | വിഷയസമിതി | ജൂൺ | | |
| ക്ലാസ്തല/സ്കൂൾ തല നിർവ്വഹണം | ക്ലാസ്സ് ടീച്ചർ | ആഗസ്റ്റ് | | |
| മൂല്യനിർണ്ണയവും വിശകലനവും | വിഷയസമിതി | ആഗസ്റ്റ് | | |
| റിപ്പോർട്ട് തയ്യാറാക്കലും അവതരംവും | ക്ലാസ്സ് ടീച്ചർ | ജൂൺ | | |
| റിപ്പോർട്ട് തയ്യാറാക്കലും അവതരംവും | വിഷയസമിതി | ആഗസ്റ്റ് | | |
| | വിഷയസമിതി | | | |
| | HM, PTA | | | |
| | വിദ്യാലയ വികസന സമിതി | | | |

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തും
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തമാക്കും
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷാ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക
- ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അടിസ്ഥാന ആശയങ്ങളിൽ വേണ്ടത്ര പരിജ്ഞാനം ഉറപ്പുവരുത്തും.
- നിരന്തര വിലയിരുത്തലിൽ മാതൃക സൃഷ്ടിക്കും.
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കും.
- ഐ.ടി അധിഷ്ഠിത പഠനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കും.

| മേഖല : അക്കാദമികം | | ഉപമേഖല : പഠനയാത്ര | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| • സ്കൂളിലെ എല്ലാവരേയും പഠന യാത്രയിൽ പങ്കാളിയാക്കൽ | • സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഫണ്ട് ഉപയോഗ പ്പെടുത്തൽ | | |
| • പാഠഭാഗവുമായി പഠനയാത്രയെ ബന്ധിപ്പിക്കൽ | • പഠനയാത്രയിൽ നിന്നും ഡയറിക്കുറിപ്പ് യാത്രാവിവരണം എന്നിവ തയ്യാറാക്കൽ | | |
| • പാഠഭാഗവുമായി ബന്ധപ്പെട്ട ഭാഗങ്ങൾ തിരഞ്ഞെടുക്കൽ | • ക്ലാസ്സ്, പി.ടി.എ മീറ്റിംഗ് എന്നിവയിലൂടെ പ്രാധാന്യമുള്ള ഭാഗങ്ങൾ കണ്ടെത്തൽ | | |

മേഖല : അക്കാദമികം　　　　ഉപമേഖല : ഐ.ടി. പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഐ.സി.ടി (ICT) സാധ്യതകൾ പ്രയോജനപ്പെടുത്തൽ | ☐ മാസത്തിൽ ഒരിക്കൽ എല്ലാ അധ്യാപകർക്കും അവധിദിനത്തിൽ ക്ലാസ്സ് | ജൂൺ | എല്ലാ അധ്യാപകരും | |
| എല്ലാ അധ്യാപകരെയും കുട്ടികളേയും പ്രാപ്തരാക്കൽ | ☐ രക്ഷിതാക്കൾക്ക് (ICT ) പരിശീലനം | ജൂൺ | എല്ലാ അധ്യാപകരും | |
| പാഠഭാഗങ്ങളുടെ ദൃശ്യാനുഭവം ഒരുക്കൽ | ☐ ഓരോ ക്ലാസ്സ്മുറിയും സ്മാർട്ട് ക്ലാസ്സുകൾ ആക്കുക | ജൂൺ | | |
| പഠനശേഷികൾ ഉറപ്പിക്കൽ | ☐ കുട്ടികൾക്കും കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യാനുള്ള അവസരം ഒരുക്കൽ | | എല്ലാ അധ്യാപകരും ICT അറിയുന്ന രക്ഷിതാക്കൾ | |
| കലാകായിക വികസനം | ☐ ഓരോ പാഠഭാഗങ്ങൾ എടുക്കുമ്പോഴും ICT സാധ്യത ഉപയോഗിക്കുക | ജൂലായ് | | |
| | ☐ നിർമ്മാണ പ്രവർത്തനങ്ങൾ ICT യിലൂടെ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ | | | |

മേഖല : അക്കാദമികം　　　　ഉപമേഖല : പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ഉച്ചഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികൾ സ്കൂളിൽ നിന്നുതന്നെ ജൈവവളമുപയോഗിച്ച് വിഷവസ്തുക്കൾ ഉപയോഗിക്കാതെ വിളയിച്ചെടുക്കുക | വിദ്യാലയ വികസന സമിതി ചേർന്ന് എന്തൊക്കെ കൃഷികൾ എങ്ങനെയൊക്കെ ചെയ്യാമെന്ന് തീരുമാനിക്കൽ | ജൂൺ - ജൂലായ് | H M<br>കാർഷിക ക്ലബ്ബ് | പിടിഎ ഫണ്ട് |
| | കൃഷി ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിക്കൽ | ജൂലായ് | | കൃഷി വകുപ്പ് |
| കുട്ടികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക | പി.ടി.എ.യും OSA അംഗങ്ങളുമെല്ലാം ചേർന്ന് നിലമൊരുക്കൽ | ആഗസ്റ്റ് - സെപ്തംബർ | | |
| പരിസരവുമായുള്ള ബന്ധം വളർത്തുക | വിത്തിടുക , തൈകൾ പറിച്ചുനടുക, വളമിടുക, കീടനാശിനികൾ തയ്യാറാക്കി തളിക്കുക, ജൈവവളം ഉപയോഗിക്കുക, വിളവെടുക്കൽ | ഫെബ്രുവരി – മാർച്ച് | | കൃഷി വകുപ്പ് |

# പോജക്ട്-മലയാളം

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, മികച്ച വായനക്കാരൻ, മികച്ച എഴുത്തുകാരൻ, വായിച്ച് വളരുക ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടേയും എഴുത്തിന്റേയും പാതയിലേക്ക് നയിക്കാൻ ഒരു മഹത്സംരംഭം, വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളേയും മികച്ച വായനകാരാക്കുക. ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെകൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗപ്രപഞ്ചമാക്കി മാറ്റുവാനുള്ള ഒരു നൂതന സംരംഭം.

**ലക്ഷ്യങ്ങൾ :**

- എല്ലാവർക്കും എഴുത്തും വായനയും
- വായനകൂട്ടം, എഴുത്ത് കൂട്ടം
- അമ്മവായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ്സ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായന സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടേയും എവുത്തിന്റേയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
- ചുമർ മാഗസിൻ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത സജീകരിക്കൽ

**പ്രവർത്തനങ്ങൾ**

1 മലയാളത്തിളക്കം പ്രീ ടെസ്റ്റ്

പ്രീടെസ്റ്റ് നടത്തുന്നു പിന്നോക്കകാരെ കണ്ടെത്തി

2 അക്ഷരം ഉറപ്പിക്കൽ

ചിത്രങ്ങളിലൂടെ മലയാളം അക്ഷരം ഉറപ്പിക്കുന്നു.

3 അടയാളങ്ങൾ ഉറപ്പിക്കൽ

ചിത്രസഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

4 അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്, അക്ഷരകാർഡിലൂടെ വാക്യങ്ങൾ രൂപീകരക്കൽ

5 ചിത്രം അടികുറിപ്പ്

ചിത്രം നൽകൽ അടികുറിപ്പ് പറയിപ്പിക്കൽ, അധ്യാപികയുടെ സഹായത്തോടെ എഴുതൽ,

6 കഥ ബാക്കി പറയൽ എഴുതൽ

ഒരു കഥയുടെ ആദ്യഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു. എഴുതിപ്പിക്കുന്നു.

7 കഥാപുസ്തകം നൽകൽ വായനാകുറിപ്പ് തയ്യാറാക്കൽ

8 ചിത്രപ്രദർശനം

ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. ഐസിടി ഉപയോഗിച്ച് ഓരോ ചിത്രത്തെകറിച്ചും പറയുവാനെഴുതുവാനവസരം

9 ഭിന്നശേഷിക്കാരെ പരിഗണിക്കൽ

ഭിന്നശേഷികാർക്കായി പ്രത്യേക പ്രവർത്തന പാക്കേജ് ഐഇഡി അദ്ധ്യാപകരുടെ സേവനം

10 ക്ലാസ്സ് വായനകൂട്ടം രൂപീകരിക്കൽ

ക്ലാസിലെ മുഴുവൻ കുട്ടികളേയും 3 പേർ വീതമടങ്ങുന്ന ഗ്രൂപ്പാക്കുന്നു.

എത്ര പുസ്തകം എത്ര പുസ്തകം വായിക്കാം, വായനാകുറിപ്പ് പുസ്തകം എങ്ങനെ തെരെഞ്ഞെടുക്കാം, പാഠഭാഗവുമായി ബന്ധപ്പെട്ട് ചർച്ച , അസംബ്ലയിസൽ വായിക്കാനവസരം. ബാലസഭ

11 ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ

കുട്ടികളുടെ സഹായത്തോടെ ക്ലാസ്സ് ലൈബ്രറി രൂപീകരിക്കുന്നു.

12 സ്കൂൾ ലൈബ്രറി രൂപീകരണം

സ്കൂൾ ലൈബ്രറി നവീകരണം, പുസ്തകവിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തകവിതരണം, ബർത്തഡേ പുസ്തകശേഖരണം

13 വായനോത്സവം സംഘടിപ്പിക്കൽ

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കുവെക്കൽ, വായനാകുറിപ്പ്, ആസ്വാദനകുറിപ്പ്, പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരം പാഠ്യഭാഗവുമായി ബന്ധപ്പെട്ട്

14 പത്ര വായന

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ, വായന -എഴുത്ത് പത്രം തയ്യാറാക്കൽ പാഠ്യഭാഗവുമായി ബന്ധപ്പെട്ട്.

15 അമ്മ വായന

സ്കൂൾ ലൈബ്രറിയിൽനിന്ന് അമ്മമാർക്ക് പുസ്തകം തിരഞ്ഞെടുക്കുവാനവസരം - വായനാമുറി- വായനാകുറിപ്പ് തയ്യാറാക്കൽ മികച്ച കുറിപ്പ് കണ്ടെത്തൽ പ്രോത്സാഹനം, അമ്മ സാഹിത്യ സമാജം രൂപീകരിക്ക, ശില്പശാല

16 പുസ്തകചകർച്ച, - വായനാനുഭവം പങ്കു വെയ്ക്കൽ

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരനമാർ, എന്നിവർക്ക് സ്വാഗതം പാഠഭാഗവുമായി ബന്ധപ്പെട്ട് അധികവായനക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ  മാസത്തിൽ ഒരു ദിവസം

18 വായനാകുറിപ്പ്

ഓരോ പുസ്തകവായനയുടേയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിചേർക്കൽ നടക്കുന്നു. പതിപ്പ് പ്രകാശനം

20 ക്ലാസ്, സ്കൂൾ ബാലസഭകൾ

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരക്കണം. സ്കൂളിൽ യോഗം സംഘടപ്പിക്കൽ, സൃഷ്ടികൾ, പ്രകാശനം, അവതരണം, വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിൽ, പൊതുജനപങ്കാളിത്തം സാഹിത്യകാരന്മാരുടെ സാന്നിധ്യം

20 ദിനാചരണങ്ങൾ

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

21 സാഹികത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം, സാഹിത്യവാസന മെച്ചപ്പെടുത്തൽ, കൃതികളെ ആഴത്തിലറിയാൻ പുസ്തകരചനാ തന്ത്രങ്ങളെകുറിച്ചറിയാൻ കഥ, കവിത, രൂപീകരണം മനസ്സിലാക്കാൻ ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം

22 ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും ക്ലാസ്സുമുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതായി വിവിധ പ്രവർത്തനം, മത്സരങ്ങൾ

23 ഇ വായന സാധ്യത കണ്ടെത്തൽ

വിക്കിപീഡിയ പരിചയപ്പെടുത്തൽ നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി  വായനാകൂട്ടത്തിന്റേയും എഴുത്തുകൂട്ടത്തിന്റേയും നേതൃതത്തിൽ ബ്ലോഗ് രൂപീകരണം ഇ പേപ്പറുകൾ പരിചയപ്പെടുത്തൽ  വിവിധ കൃതികൾ കവിത എന്നിവ വീഡിയോ കാണൽ

24 വായനാകൂട്ടം എഴുത്തുകൂട്ടം

അധ്യാപകർ, കുട്ടിപ്രതിനിധി, രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ ബിആർസി ഡയറ്റ് അധ്യാപകർ, മറ്റ് സ്കൂളിലെ അധ്യാപകർ എന്നിവരുടെ സേവനം

കാവ്യകൂട്ടം

25 കുട്ടികളുടെ കവിതകൾ അദ്ധ്യാപകരുടെ കവിതകൾ,രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ പ്രാദേശിക സാഹിത്യകാരൻ കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യകൂട്ടം സംഘടിപ്പക്കുന്നു.

26 എഴുത്തു കൂട്ട രൂപീകരണം

കുട്ടികളെ അഞ്ച് വീതം എഴുത്തുകൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന,സംഘരചന, എന്നിവ സംഘടിപ്പിക്കുന്നു.

